RCS/10091/2024/IT(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ,
തിരുവനന്തപുരം – 14.
ഫോൺ 0471-23308235
ഇ-മെയിൽ keratarcs.coop@kerata.gov.in
www.cooperation.kerbta.gov.in
തീയതി : 24-02-2025

**സർക്കുലർ നമ്പർ 7/2025**

| | | |
|---|---|---|
| വിഷയം | :- | സഹകരണ വകുപ്പ് – പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മിന്നൽ പരിശോധനകൾ – കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) വഴി നടത്തുന്നത്– സംബന്ധിച്ച്. |
| സൂചന | :- | 1. 05/02/2025-ലെ സ.ഉ.(സാധാ) നം.69/2025/Co-Op നമ്പർ സർക്കാർ ഉത്തരവ്.<br>2. സഹകരണ സംഘം രജിസ്ട്രാറുടെ 18/05/1994 –ലെ 13/1994 നമ്പർ സർക്കുലർ നിർദ്ദേശം.<br>3. സഹകരണ സംഘം രജിസ്ട്രാറുടെ 27/10/2023 –ലെ 36/2023 നമ്പർ സർക്കുലർ നിർദ്ദേശം. |

സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ഏറ്റവും പ്രാധാന്യം നൽകി സഹകരണ സംഘങ്ങളുടെ പരിശോധന കൃത്യമായി ഓരോ മാസവും നടത്തേണ്ടത് സംബന്ധിച്ചിട്ടുള്ള വ്യക്തമായ നിർദ്ദേശങ്ങൾ സൂചന(2)(3) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന(1) പ്രകാരം "കോപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ(CIMA)" വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുള്ളതാണ്.സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ മിന്നൽ പരിശോധന സംബന്ധിച്ച വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു. പരിശോധന ഉദ്യോഗസ്ഥർ ഓരോ മാസത്തിലും നടത്തേണ്ട മിന്നൽ പരിശോധനകളിൽ ഒന്നാം ഘട്ടമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ (PACS) മിന്നൽ പരിശോധനകൾ സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) മുഖാന്തിരം മാത്രം നടത്തേണ്ടതാണ്. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) മുഖാന്തിരം നടത്തുന്ന പരിശോധനയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു,

1. 01/03/2025 തീയതി മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങളിൽ നടത്തുന്ന മിന്നൽ പരിശോധനകൾ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) വഴി മാത്രം നടത്തേണ്ടതാണ്.

2. മിന്നൽ പരിശോധനയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കിയിട്ടുള്ള കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) എല്ലാ പരിശോധന ഉദ്യോഗസ്ഥരും സഹകരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്

3. പരിശോധന ഉദ്യോഗസ്ഥരുടെ (യൂണിറ്റ് ഇൻസ്പെക്ടർ, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ (ജനറൽ)എന്നിവരുടെ) user ID അവരുടെ Permanent Employee Number (PEN) ഉം Default പാസ് വേർഡ് ടി ഉദ്യോഗസ്ഥരുടെ രജിസ്റ്റേഡ് മൊബൈൽ നമ്പറും ആയിരിക്കും.

4. Default പാസ് വേർഡ് ഉപയോഗിച്ച് CIMA ആപ്ലിക്കേഷൻ ലോഗിൻ ചെയ്തതിന് ശേഷം പാസ് വേർഡ് സൗകര്യാർത്ഥം മാറ്റേണ്ടതാണ്.

5. സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിക്കുന്ന സംഘങ്ങളിൽ നിശ്ചയിക്കപ്പെട്ട തീയതികളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതും അതേ ദിവസം തന്നെ പരിശോധന പൂർത്തീകരിക്കേണ്ടതുമാണ്.

6. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ സഹകരണസംഘം രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പരിശോധന തത്സമയം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും തുടർനടപടികൾക്കുമായി CIMA Web Application ഉപയോഗിക്കേണ്ടതാണ്. സഹകരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും CIMA Web Application-ന്റെ ലിങ്ക് ലഭിക്കുന്നതാണ്. CIMA W e b Application Login-ചെയ്യാൻ ഉപയോഗിക്കേണ്ട user ID അവരുടെ Permanent Employee Number (PEN) ഉം Default പാസ് വേർഡ് ടി ഉദ്യോഗസ്ഥരുടെ രജിസ്റ്റേഡ് മൊബൈൽ നമ്പറും ആയിരിക്കും.

7. യൂണിറ്റ് ഇൻസ്പെക്ടർമാർ നിലവിൽ പ്രതിമാസം നടത്തി വരുന്ന 3(മൂന്ന്) മിന്നൽ പരിശോധനകളിൽ 2(രണ്ട്) എണ്ണം CIMA മൊബൈൽ ആപ്ലിക്കേഷൻ വഴി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നടത്തേണ്ടതാണ്.

8. യൂണിറ്റ് ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയുടെ കാര്യക്ഷമതയും കൃത്യതയും പരിശോധിക്കുന്നതിനായി CIMA മൊബൈൽ ആപ്ലിക്കേഷൻ മുഖേന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ താലൂക്ക് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ 2(രണ്ട്) മിന്നൽ മേൽപരിശോധനകളും, ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ഒരു(1) മിന്നൽ മേൽപരിശോധനയും മാസം തോറും നടത്തേണ്ടതാണ്.

9. യൂണിറ്റ് ഇൻസ്പെക്ടർമാർ CIMA മൊബൈൽ ആപ്ലിക്കേഷൻ മുഖേന നടത്തുന്ന പരിശോധനാ റിപ്പോർട്ടുകൾ ബന്ധപ്പെട്ട താലൂക്ക് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണ്.

10. CIMA വെബ് ആപ്ലിക്കേഷനിലെ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ ലോഗിനിൽ ലഭ്യമാകുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ ലഭ്യമായ തീയതി മുതൽ 3(മൂന്ന്) ദിവസത്തിനകം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്.

11. അസിസ്റ്റന്റ് രജിസ്ട്രാർമാർ അംഗീകരിച്ച പരിശോധന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട നോട്ടീസുകൾ ഇലക്ട്രോണിക് സിഗ്നേച്ചർ പതിച്ച് ബന്ധപ്പെട്ട സംഘങ്ങൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

12. സംഘം പ്രവർത്തനവും യൂണിറ്റ് ഇൻസ്പെക്ടർമാർ നൽകുന്ന റിപ്പോർട്ടും തമ്മിൽ പൊരുത്തക്കേടുണ്ടെന്നു ബോദ്ധ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ പ്രസ്തുത സംഘത്തിൽ CIMA മൊബൈൽ ആപ്ലിക്കേഷൻ മുഖേന റീ-ഇൻസ്പെക്ഷൻ നടത്തേണ്ടതാണ്.

13. താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ CIMA മൊബൈൽ

ആപ്ലിക്കേഷൻ മുഖേന നടത്തുന്ന പരിശോധനാ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് സമർപ്പിക്കേണ്ടതാണ്.

14. ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അംഗീകരിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ പരിശോധനാ റിപ്പോർട്ടുകളിലെ തുടർ നടപടികൾ ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ സ്വീകരിക്കേണ്ടതുമാണ്.

15. ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ ) CIMA മൊബൈൽ ആപ്ലിക്കേഷൻ മുഖേന നടത്തുന്ന പരിശോധനകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

16. സഹകരണ സംഘം രജിസ്ട്രാർ അംഗീകരിക്കുന്ന ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ പരിശോധനാ റിപ്പോർട്ടുകളിലെ തുടർ നടപടികൾ ബന്ധപ്പെട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സ്വീകരിക്കേണ്ടതുമാണ്.

17. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും സഹകരണ വകുപ്പ് വെബ് സൈറ്റിൽ നിന്നും 'Co-op Connect' മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യേണ്ടതും താലൂക്ക് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും user Id, Password എന്നിവ കൈപ്പറ്റേണ്ടതും, ആപ്ലിക്കേഷൻ ലോഗിൻ ചെയ്ത് അതിൽ ലഭിക്കുന്ന ഇൻസ്പെക്ഷൻ നോട്ടീസുകൾ ഡൗൺലോഡ് ചെയ്യേണ്ടതും നോട്ടീസിൽ നിർദ്ദേശിക്കപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

18. സംഘങ്ങൾക്ക് Co-op Connect, ഇ-മെയിൽ എന്നിവ മുഖേന ലഭ്യമാകുന്ന നോട്ടീസുകളിൽ പരമാർശിക്കപ്പെട്ടിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 15 ദിവസത്തിനകം സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) -നെ നേരിട്ട് ബോധ്യപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ, ടി ന്യൂനതകൾ പരിഹരിച്ചതായി ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് പരിഹരിച്ചതായി CIMA വെബ് ആപ്ലിക്കേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

19. സംഘങ്ങൾക്ക് നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകവും പരിഹരിക്കാത്ത ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) –മാർ CIMA വെബ് ആപ്ലിക്കേഷൻ മുഖേന തുടർന്നുള്ള 3(മൂന്ന്) ദിവസത്തിനകം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) –മാർക്ക് സമർപ്പിക്കേണ്ടതാണ്.

20. താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) –മാരിൽ നിന്നും CIMA വെബ് ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ 5(അഞ്ച്) ദിവസത്തിനകം തുടർനടപടികൾ ആരംഭിക്കേണ്ടതാണ്.

21. താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) –മാരിൽ നിന്നും CIMA വെബ് ആപ്ലിക്കേഷൻ മുഖേന ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിലുള്ള ന്യൂനതകളുടെ ഗൗരവം വിലയിരുത്തി ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നേരിട്ട് സംഘത്തിനോട് ന്യൂനത പരിഹരിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

22. താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർ CIMA വെബ് ആപ്ലിക്കേഷൻ മുഖേനെ ഗുരുതര ന്യൂനതകൾ റിപ്പോർട്ട് ചെയ്യുന്ന പക്ഷം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) –മാർ ആയതിന്മേൽ സഹകരണ നിയമം, ചട്ടം എന്നിവ പ്രകാരമുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

23. ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മാർക്ക് CIMA വെബ് ആപ്ലിക്കേഷൻ മുഖാന്തിരം ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികൾ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ൽ നിന്നും റിപ്പോർട്ട് ലഭിച്ച തീയതി മുതൽ പരമാവധി 20(ഇരുപത്) ദിവസത്തിനകം വെബ് ആപ്ലിക്കേഷനിൽ രേഖപ്പെടുത്തേണ്ടതുമാണ്.

24. CIMA മൊബൈൽ ആപ്ലിക്കേഷൻ മുഖേന നടത്തുന്ന പരിശോധനയിൽ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം, പണാപഹരണം എന്നിവ ശ്രദ്ധയിൽപ്പെടുന്ന

പക്ഷം സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി സഹകരണ സംഘം രജിസ്ട്രാരുടെ 50/2021 സർക്കുലർ നിർദ്ദേശത്തിനു വിധേയമായി തുടർനടപടകൾ സ്വീകരിക്കേണ്ടതാണ്.

25. സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോപ്പോസലുകളിൽ തുടർനടപടികൾ സ്വീകരിക്കുമ്പോൾ പരിശോധനകൾ സംബന്ധിച്ച ന്യൂനതകൾ സമയബന്ധിതമായി പരിഹരിച്ചിട്ടുണ്ട് എന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) –മാരും ജോയിന്റ് രജിസ്ട്രാർ (ജനറൽ) –മാരും ഉറപ്പ് വരുത്തേണ്ടതാണ്.

26. ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ), താലൂക്ക് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) എന്നിവരുടെ പ്രതിമാസ അവലോകന യോഗത്തിൽ C I M A വെബ് ആപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകളുടെ അവലോകനം നടത്തേണ്ടതാണ്.

27. താലൂക്ക് തലത്തിൽ നടത്തുന്ന സഹകരണ സംഘം സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പരിശോധന സംബന്ധിച്ച അവലോകനം നിർബന്ധമായും നടത്തേണ്ടതാണ്.

28. CIMA വെബ് ആപ്ലിക്കേഷൻ വഴി പരിശോധന നടത്തുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ജില്ലാ ഐ.ടി നോഡൽ ആഫീസറെ ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

29. CIMA മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങളും പരിശോധന ഉദ്യോഗസ്ഥൻ നൽകുന്ന ഉത്തരങ്ങൾക്ക് (Yes/No) അനുസൃതമായി സ്വീകരിക്കുന്ന അനുമാനങ്ങളും **അനുബന്ധം 1** -ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

30. ഇൻസ്പെക്ഷൻ ശക്തിപ്പെടുത്തുന്നതിന് ആവശ്യമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം CIMA മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങളിൽ മാറ്റം വരുത്തുന്നതാണ്.

31. സൂചനകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങളിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതായിരിക്കും.

(ഒപ്പ്)
ഡോ.ഡി. സജിത് ബാബു ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും,
2. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും(ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം),
3. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം),
4. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും,
5. രജിസ്ട്രാറുടെ മേശപ്പുറത്ത്.
6. വെബ് സൈറ്റ്.
7. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

**Signed by Premeela R**
**Date: 25-02-2025 15:03:33**

നോഡൽ ആഫീസർ (ഐ.ടി)

## അനുബന്ധം 1

1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾ പരിശോധനയുടേയും പരിശോധന നടക്കുന്ന സഹകരണ സംഘത്തിൻറെയും അടിസ്ഥാന വിവരങ്ങളാണ്

- ചുവടെപ്പറയുന്ന പരിശോധന ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ന്യൂനതകൾ അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ സംഘം പരിഹരിച്ച് റിപ്പോർട്ട് ചെയ്യാത്തപക്ഷം സഹകരണ നിയമം, ചട്ടം എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

| ചോദ്യ നമ്പർ | ചോദ്യം | പരിശോധന ഉദ്യോഗസ്ഥൻ CIMA മൊബൈൽ ആപ്പിൽ നൽകുന്ന ഉത്തരം | അനുമാനം |
|---|---|---|---|
| 8 | ക്യാഷ് ബുക്ക് കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ? | Yes | ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ന്യൂനത ഉണ്ട്. |
| 9 | നാൾവഴി കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ? | Yes | നാൾവഴി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | NO | നാൾവഴി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ന്യൂനത ഉണ്ട്. |
| 10 | നീക്കിയിരിപ്പ് തുക | പൊരുത്തപ്പെടുന്നുണ്ട് | നീക്കിയിരിപ്പ് തുക |

| | | | |
|---|---|---|---|
| | നാൾവഴി/ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ടോ ? | | സൂക്ഷിക്കുന്നതിൽ പ്രഥമ ദൃഷ്ട്യാ ക്രമക്കേട് ഇല്ല. |
| | | കുറവാണ്/ കൂടുതലാണ് | നീക്കിയിരിപ്പ് തുക സൂക്ഷിക്കുന്നതിൽ ക്രമക്കേട് ഉണ്ട്. |
| 11 | ബൈലോ വ്യവസ്ഥ പ്രകാരം സൂക്ഷിക്കാവുന്ന നീക്കിയിരിപ്പ് തുകയിൽ അധികരിച്ച് തുക സൂക്ഷിക്കുന്നുണ്ടോ ? | Yes | ബൈലോ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നീക്കയിരിപ്പ് തുക സൂക്ഷിക്കുന്നു. ന്യൂനത ഉണ്ട്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 12 | ബൈലോ വ്യവസ്ഥ പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണോ തുക സൂക്ഷിക്കുന്നത് ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | NO | നീക്കയിരിപ്പ് തുക സൂക്ഷിക്കുന്നത് ബൈലോ വ്യവസ്ഥ പ്രകാരം ചുമതപ്പെട്ട ഉദ്യോഗസ്ഥനല്ല. സംഘം പ്രവർത്തനത്തിൽ ന്യൂനത ഉണ്ട്. |
| 13 | സർക്കാരിൽ നിന്നും ഓഹരിയിനത്തിൽ തുക ലഭിച്ചിട്ടുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 14 | സർക്കാരിൽ നിന്നും വായ്പ ഇനത്തിൽ തുക ലഭിച്ചിട്ടുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 15 | സർക്കാരിലേയ്ക്ക് ഓഹരി കുടിശിക ഉണ്ടോ ? | Yes | ഓഹരി തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച |

| | | | |
|---|---|---|---|
| | (സർക്കാരിൽ നിന്നും ഓഹരി സ്വീകരിച്ചിട്ടുള്ള സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | | വരുത്തിയിരിക്കുന്നു. ന്യൂനത ഉണ്ട്. |
| | | NO | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 16 | സർക്കാരിലേയ്ക്ക് വായ്പ കുടിശിക ഉണ്ടോ ? | Yes | സർക്കാർ വായ്പ തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. ന്യൂനത ഉണ്ട്. |
| | (സർക്കാരിൽ നിന്നും വായ്പ സ്വീകരിച്ചിട്ടുള്ള സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | NO | സർക്കാർ വായ്പ തുക തിരിച്ചടയ്ക്കുന്നതിൽ ന്യൂനത ഇല്ല. |
| 17 | സർക്കാരിലേയ്ക്ക് ഡിവിഡൻറ് കുടിശ്ശിക ഉണ്ടോ ?<br><br>(സർക്കാരിൽ നിന്നും ഓഹരി സ്വീകരിച്ചിട്ടുള്ള സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | Yes | ഡിവിഡന്റ് തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. ന്യൂനത ഉണ്ട്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 18 | ആഡിറ്റ് ഫീസ് / ആഡിറ്റ് കോസ്റ്റ് അടയ്ക്കാൻ ബാക്കി നിൽപ്പുണ്ടോ ? | Yes | ആഡിറ്റ് ഫീസ് / ആഡിറ്റ് കോസ്റ്റ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. ന്യൂനത ഉണ്ട്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 19 | വ്യാപാര സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | (വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ | No | വ്യാപാര സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ന്യൂനത |

| | | | |
|---|---|---|---|
| | ചോദ്യം) | | ഉണ്ട്. |
| 20 | വ്യാപാരസ്ഥാപനമുള്ള സംഘത്തിൽ ലയബിലിറ്റി രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ?<br><br>(വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘത്തിൽ ലയബിലിറ്റി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ന്യൂനത ഉണ്ട്. |
| 20.1 | സംഘത്തിലെ വ്യാപാരപ്രവർത്തനങ്ങൾ ലാഭത്തിലാണോ?<br><br>(വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല. ) |
| 21 | സ്ഥാവര ജംഗമ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘത്തിൽ സ്ഥാവര ജംഗമ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ന്യൂനത ഉണ്ട്. |
| 22 | വാർഷിക സ്റ്റോക്ക് പരിശോധന യഥാസമയം നടത്തിയിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | വാർഷിക സ്റ്റോക്ക് പരിശോധന യഥാസമയം നടത്തുന്നതിൽ ന്യൂനത ഉണ്ട്. |
| 23 | സ്വർണ്ണ പണയ വായ്പ | Yes/No | വിവരദായക ചോദ്യം. |

| | | | |
|---|---|---|---|
| | നൽകുന്നുണ്ടോ ? | | (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 23.1 | സ്വർണ്ണ പണയ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ?<br><br>(സ്വർണ്ണപ്പണയ വായ്പ നൽകുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സ്വർണ്ണ പണയ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ന്യൂനത ഉണ്ട്. |
| 23.2 | RCS ൻറെ സർക്കുലർ പ്രകാരമുള്ള സ്വർണ്ണ പണയ പരിശോധന യഥാസമയം നടത്തുന്നുണ്ടോ ?<br><br>(സ്വർണ്ണപ്പണയ വായ്പ നൽകുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | RCS ൻറെ സർക്കുലർ പ്രകാരമുള്ള സ്വർണ്ണ പണയ പരിശോധന നടത്തുന്നതിൽ ന്യൂനത ഉണ്ട്. |
| 23.3 | സ്വർണ്ണപ്പണയത്തിന് ആനുപാതിക ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ?<br><br>(സ്വർണ്ണപ്പണയ വായ്പ നൽകുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സ്വർണ്ണപ്പണയത്തിന് ആനുപാതിക ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിൽ ന്യൂനത ഉണ്ട്. |
| 23.4 | RCS ന്റെ 1/2013 സർക്കുലർ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |

| | | | |
|---|---|---|---|
| | (സ്വർണ്ണപ്പണയ വായ്പ നൽകുന്ന സംഘങ്ങൾക്ക് മാത്രം ബാധകമായ ചോദ്യം) | No | RCS ന്റെ 1/2013 സർക്കുലർ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നതിൽ ന്യൂനത ഉണ്ട്. |
| 24 | പിരിഞ്ഞു കിട്ടിയ മൂലധനം അംഗീകൃത മൂലധനത്തേക്കാൾ അധികരിച്ചിട്ടുണ്ടോ ? | Yes | സംഘം മൂലധനം പിരിക്കുന്നത് ബൈലോ വ്യവസ്ഥക്ക് അനുസൃതമായല്ല. ന്യൂനത ഉണ്ട്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 25 | ചട്ടം 63 ൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം തരളധനം സൂക്ഷിക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | ചട്ടം 63 പ്രകാരം തരള ധനം സൂക്ഷിക്കാത്തത് സംഘത്തിന്റെ പ്രവർത്തനത്തിനുള്ള ന്യൂനതയാണ്. |
| 26 | സംഘം നടത്തുന്ന എല്ലാ നിക്ഷേപ പദ്ധതികൾക്ക് സബ് റൂൾ അംഗീകാരം വാങ്ങിയിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘം നടത്തുന്ന എല്ലാ നിക്ഷേപ പദ്ധതികൾക്കും സബ് റൂൾ അംഗീകാരം വാങ്ങിയിട്ടില്ലാത്തത് സംഘത്തിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതയാണ്. |
| 27 | സംഘം നടത്തുന്ന എല്ലാ വായ്പാ പദ്ധതികൾക്ക് സബ് | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |

| | | | |
|---|---|---|---|
| | റൂൾ അംഗീകാരം വാങ്ങിയിട്ടുണ്ടോ ? | | |
| | | No | സംഘം നടത്തുന്ന എല്ലാ വായ്പ പദ്ധതികൾക്കും സബ് റൂൾ അംഗീകാരം വാങ്ങിയിട്ടില്ലാത്തത് സംഘത്തിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതയാണ്. |
| 28 | സംഘത്തിൽ / ശാഖയിൽ MSS പദ്ധതി നടത്തുന്നുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 28.1 | സംഘം നടത്തുന്ന MSS ന സബ്റൂൾ അംഗീകാരം വാങ്ങിയിട്ടുണ്ടോ ?<br><br>( MSS പ്രവർത്തനം നടത്തുന്ന സംഘത്തിന്/ ശാഖയ്ക്ക് മാത്രം ബാധകം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘം നടത്തുന്ന MSS ന സബ്റൂൾ അംഗീകാരം വാങ്ങിയിട്ടില്ലാത്തത് ന്യൂനതയാണ്. |
| 28.2 | സംഘം/ശാഖയിൽ നടത്തുന്ന ഓരോ MSS ന പ്രത്യേകം അനുമതി വാങ്ങിയിട്ടുണ്ടോ ?<br><br>( MSS പ്രവർത്തനം നടത്തുന്ന സംഘത്തിന്/ ശാഖയ്ക്ക് മാത്രം ബാധകം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘം/ശാഖയിൽ നടത്തുന്ന ഓരോ MSS ന പ്രത്യേകം അനുമതി വാങ്ങിയിട്ടില്ലാത്തത് ന്യൂനതയാണ്. |
| 29 | സംഘം നടത്തുന്ന എല്ലാ അനുബന്ധ പ്രവർത്തനങ്ങൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘം നടത്തുന്ന എല്ലാ അനുബന്ധ പ്രവർത്തനങ്ങൾക്കും അംഗീകാരം |

| | | | |
|---|---|---|---|
| | | | വാങ്ങിയിട്ടില്ലാത്തത് സംഘത്തിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതയാണ്. |
| 30 | നിക്ഷേപം തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ ? | Yes | സംഘത്തിൽ നിക്ഷേപം തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ നിലവിലുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 31 | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സംഘം യഥാസമയം ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി യഥാസമയം ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യാത്തത് സംഘത്തിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതയാണ്. |
| 32 | എക്സിക്യൂഷൻ കേസുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | എക്സിക്യൂഷൻ കേസുകൾ യഥാസമയം ഫയൽ ചെയ്യാത്തത് സംഘത്തിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതയാണ്. |
| 33 | സംഘത്തിൻറെ ഭരണം സംബന്ധിച്ച് : | തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി/ അഡ്മിനിസ്റ്റേറ്റർ/ അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി/ ഭരണസ്തംഭനം | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |

| | | | |
|---|---|---|---|
| 34 | സംഘം/ശാഖയിൽ ഭരണസമിതി അംഗങ്ങൾ കുടിശ്ശികക്കാരാണോ ? | Yes | ഭരണസമിതി അംഗങ്ങൾക്ക് കുടിശ്ശികയുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 34.1 | പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ എന്നിവർ ഹോണറേറിയം സിറ്റിംഗ് ഫീസ് എന്നിവ ക്രമപ്രകാരമാണോ കൈപ്പറ്റുന്നത് ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ എന്നിവർ ഹോണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ ക്രമപ്രകാരമല്ലാതെ കൈപ്പറ്റുന്നത് ന്യൂനതയാണ്. |
| 35 | ഭരണസമിതി യഥാസമയങ്ങളിൽ യോഗം കൂടാറുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | ഭരണസമിതി യഥാസമയങ്ങളിൽ യോഗം കൂടാത്തത് ന്യൂനതയാണ്. |
| 35.1 | തുടർച്ചയായി 6 മാസത്തിൽ അധികരിച്ച് യോഗം കൂടാതിരുന്നിട്ടുണ്ടോ ? | Yes | തുടർച്ചയായി 6 മാസത്തിൽ അധികരിച്ച് ഭരണസമിതി യോഗം കൂടാതിരുന്നത് സംഘത്തിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 36 | മിനിറ്റ്സ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | മിനിറ്റ്സ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തത് |

| | | | |
|---|---|---|---|
| | | | ന്യൂനതയാണ്. |
| 37 | ചട്ടം 182 പ്രകാരം ക്ലാസ്സിഫിക്കേഷൻ ചെയ്തിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | ചട്ടം 182 പ്രകാരം ക്ലാസ്സിഫിക്കേഷൻ ചെയ്തിട്ടില്ലാത്തത് ന്യൂനതയാണ്. |
| 37.1 | സംഘത്തിന് നിലവിലുള്ള ക്ലാസിഫിക്കേഷനിൽ തുടരാൻ അർഹതയുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | സംഘം റി ക്ലാസിഫിക്കേഷൻ നടത്താത് ന്യൂനതയാണ്. |
| 38 | ജീവനക്കാരുടെ നിയമനം/സ്ഥാനകയറ്റം അംഗീകൃത സ്റ്റാഫ് പാറ്റേൺ ഫീഡർ കാറ്റഗറി സബ് റൂൾ പ്രകാരമാണോ ? (കുറഞ്ഞത് അവസാന 3 വർഷത്തെ നിയമനം /സ്ഥാനക്കയറ്റം പരിശോധിച്ചിരിക്കണം) | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | അംഗീകൃത സ്റ്റാഫ് പാറ്റേൺ, ഫീഡർ കാറ്റഗറി സബ് റൂൾ എന്നിവയ്ക്ക് വിരുദ്ധമായി നിയമനം/ സ്ഥാനകയറ്റം നൽകിയിട്ടുള്ളത് ന്യൂനതയാണ്. |
| 39 | പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഘം വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഘം വിഹിതം കൃത്യമായി അടയ്ക്കാത്തത് ന്യൂനതയാണ്. |
| 40 | ജീവനക്കാരുടെ വെൽഫെയർ ഫണ്ടിലേയ്ക്കുള്ള സംഘം വിഹിതം കൃത്യമായി | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | അടയ്ക്കുന്നുണ്ടോ ? | | വെൽഫെയർ ഫണ്ടിലേയ്ക്കുള്ള സംഘം വിഹിതം കൃത്യമായി അടയ്ക്കാത്തത് ന്യൂനതയാണ്. |
| 41 | വാർഷിക പൊതുയോഗം യഥാസമയം കൂടുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | വാർഷിക പൊതുയോഗം യഥാസമയം കൂടാത്തത് ന്യൂനതയാണ്. |
| 42 | വാർഷിക പൊതുയോഗത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | വാർഷിക പൊതുയോഗത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തത് ന്യൂനതയാണ്. |
| 43 | Section 28(1) (C)(E)വകുപ്പ് പ്രകാരം നിർദ്ദേശിക്കപ്പെട്ടവരുടെ ബാദ്ധ്യതകളിലുള്ള കുടിശ്ശിക പൊതുയോഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | Section 28(1) (C)(E)വകുപ്പ് പ്രകാരം നിർദ്ദേശിക്കപ്പെട്ടവരുടെ ബാദ്ധ്യതകളിലുള്ള കുടിശ്ശിക പൊതുയോഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തത് ന്യൂനതയാണ്. |
| 43.1 | Section 28(1) (C)(E) വകുപ്പ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ബാദ്ധ്യതകളിൽ നിലവിൽ കുടിശ്ശിക ഉണ്ടോ ? | Yes | Section 28(1) (C)(E) വകുപ്പ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ബാദ്ധ്യതകളിൽ നിലവിൽ കുടിശ്ശിക ഉള്ളത് ന്യൂനതയാണ്. |

| | | | |
|---|---|---|---|
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 44 | ആഡിറ്റ് പൂർത്തികരിക്കുന്നതിൽ കുടിശ്ശിക ഉണ്ടോ ? | Yes | ആഡിറ്റ് പൂർത്തികരിക്കുന്നതിൽ കുടിശ്ശിക ഉള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 45 | ആഡിറ്റിൽ (Part A and B) ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ? | Yes | ആഡിറ്റിൽ (Part A and B) ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 46 | ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള ന്യൂനതകൾ സംഘം പരിഹരിച്ചിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള ന്യൂനതകൾ സംഘം പരിഹരിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 47 | സംഘത്തിൽ വകുപ്പ് 65,66 (2) പ്രകാരമുള്ള അന്വേഷണം നടക്കുന്നുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 48 | സംഘത്തിൽ വകുപ്പ് 68 പ്രകാരമുള്ള നടപടി സംഘത്തിൽ നടക്കുന്നുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |

| | | | |
|---|---|---|---|
| 49 | സംഘത്തിൽ മറ്റേതെങ്കിലും ഏജൻസികളുടെ അന്വേഷണം നടക്കുന്നുണ്ടോ ? | Yes | സംഘത്തിന്റെ പ്രവർത്തനത്തിൽ ന്യൂനത ഉണ്ട്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 50 | അവസാനം അംഗീകരിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘം അറ്റ ലാഭത്തിലാണോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 50.1 | സംഘം ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | സംഘം ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 50.2 | അറ്റലാഭം പൊതുയോഗങ്ങളിൽ വെച്ച് വിഭജിച്ചിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | അറ്റലാഭം പൊതുയോഗങ്ങളിൽ വെച്ച് വിഭജിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 51 | ലാഭത്തിൽ നിന്നും അംഗ സമാശ്വാസ നിധിയിലേക്ക് തുക ഒടുക്കാൻ ബാക്കി നിൽപ്പുണ്ടോ ? | Yes | ലാഭത്തിൽ നിന്നും അംഗ സമാശ്വാസ നിധിയിലേക്ക് തുക ഒടുക്കാൻ ബാക്കി നിൽക്കുന്നത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 52 | പ്രൊഫഷണൽ | Yes | പ്രൊഫഷണൽ |

| | | | |
|---|---|---|---|
| | എഡ്യുക്കേഷൻ ഫണ്ട് ഒടുക്കാൻ ബാക്കി നിൽപ്പുണ്ടോ ? | | എഡ്യുക്കേഷൻ ഫണ്ട് ഒടുക്കാൻ ബാക്കി നിൽക്കുന്നത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 53 | സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്ക് അടയ്ക്കാൻ ബാക്കി നിൽപ്പുണ്ടോ ? | Yes | സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്ക് അടയ്ക്കാൻ ബാക്കി നിൽക്കുന്നത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 54 | റിസർവ് ഫണ്ട് നിക്ഷേപിക്കാൻ ബാക്കി നിൽപ്പുണ്ടോ ? | Yes | റിസർവ് ഫണ്ട് നിക്ഷേപിക്കാൻ ബാക്കി നിൽക്കുന്നത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 55 | സംഘം/ശാഖയിൽ മുൻ പരിശോധന ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘം/ശാഖയില് മുൻ പരിശോധന ന്യൂനതകൾ പരിഹരിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 56 | സർക്കുലറിനും നിയമത്തിനും വിരുദ്ധമായി ജീവനക്കാർ ഇതേ സംഘം/ശാഖയിൽ പണമിടപാട്ടുകൾ നടത്തുന്നുണ്ടോ ? | Yes | സർക്കുലറിനും നിയമത്തിനും വിരുദ്ധമായി ജീവനക്കാർ ഇതേ സംഘം/ശാഖയിൽ പണമിടപാട്ടുകൾ നടത്തുന്നുന്നത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |

| | | | |
|---|---|---|---|
| 57 | സംഘത്തിൽ / ശാഖയിൽ കളക്ഷൻ ഏജന്റുമാരെ നിയമിച്ചിട്ടുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 57.1 | കളക്ഷൻ ഏജൻറുമാരുടെ നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | കളക്ഷൻ ഏജൻറുമാരുടെ നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 58 | മെമ്പർ ലെവൽ ലയബിലിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | മെമ്പർ ലെവൽ ലയബിലിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 59 | പ്രതിമാസ വരവ് ചെലവ് കണക്ക് ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | പ്രതിമാസ വരവ് ചെലവ് കണക്ക് ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലാത്തത് ന്യൂനതയാണ്. |
| 60 | മാസാന്ത്യ വരവ് ചെലവ് സ്റ്റേറ്റ്മെൻറ് പ്രകാരം (തൻമാസം/മുൻമാസം) വരുമാനത്തിൽ നിന്നാണോ Establishment/Contingencies | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | മാസാന്ത്യ വരവ് ചെലവ് സ്റ്റേറ്റ്മെൻറ് പ്രകാരം |

| | | | |
|---|---|---|---|
| | ചെലവുകൾ നിർവഹിച്ചിട്ടുള്ളത് ? | | (തൻമാസം/മുൻമാസം) വരുമാനത്തിൽ നിന്നല്ലാതെ Establishment/Contingencies ചെലവുകൾ നിർവഹിച്ചിട്ടുള്ളത് ന്യൂനതയാണ്. |
| 61 | നിക്ഷേപത്തിൽ നിന്നും തൻ ചെലവും സിൽബന്തി ചെലവും നടത്തുന്നുണ്ടോ (73/2013 നമ്പർ സർക്കുലർ) ? | Yes | നിക്ഷേപത്തിൽ നിന്നും തൻ ചെലവും സിൽബന്തി ചെലവും നടത്തുന്നത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 62 | നിക്ഷേപ ഗ്യാരൻറി ബോർഡിൽ അംഗത്വം എടുത്തിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | നിക്ഷേപ ഗ്യാരൻറി ബോർഡിൽ അംഗത്വം എടുത്തിട്ടില്ലാത്തത് ന്യൂനതയാണ്. |
| 63 | നിക്ഷേപ ഗ്യാരൻറി ബോർഡിൽ അംഗത്വം പുതുക്കിയിട്ടുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | നിക്ഷേപ ഗ്യാരൻറി ബോർഡിൽ അംഗത്വം പുതുക്കിയിട്ടില്ലാത്തത് ന്യൂനതയാണ്. |
| 64 | സഹകരണ വികസന ക്ഷേമനിധി ബോർഡൽ വിഹിതം അടയ്ക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | സഹകരണ വികസന ക്ഷേമനിധി ബോർഡൽ വിഹിതം അടയ്ക്കാത്തത് ന്യൂനതയാണ്. |

| | | | |
|---|---|---|---|
| 65 | സംഘം/ശാഖയിലെ ഉയർന്ന മൂല്യമുള്ള വായ്പാ ഫയലുകൾ / MSS ബോണ്ടുകൾ എന്നിവയുടെ ആകസ്മിക(Random) പരിശോധനയിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | Yes | സംഘം/ശാഖയിലെ ഉയർന്ന മൂല്യമുള്ള വായ്പാ ഫയലുകൾ / MSS ബോണ്ടുകൾ എന്നിവയുടെ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 65.1 | സംഘം/ശാഖയിൽ വായ്പ കുടിശ്ശികയുണ്ടോ( ശതമാനത്തിൽ %) ? | Yes | 10% ത്തിൽ കൂടുതൽ വായ്പ കുടിശ്ശികയുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 66 | സംഘം/ശാഖയിൽ സ്ഥിരനിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | Yes | സംഘം/ശാഖയിൽ സ്ഥിരനിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 66.1 | സംഘത്തിൽ/ശാഖയിൽ FD receipt stock register സൂക്ഷിക്കുന്നുണ്ടോ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | സംഘത്തിൽ/ശാഖയിൽ FD receipt stock register സൂക്ഷിക്കാത്തത് ന്യൂനതയാണ്. |
| 67 | സംഘം/ശാഖയിൽ IMBP അധികരിച്ച് വായ്പ | Yes | സംഘം/ശാഖയിൽ IMBP അധികരിച്ച് വായ്പ |

| | | | |
|---|---|---|---|
| | നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ (സ്വർണ പണയം/FDL/MSS ഒഴികെ) ? | | നൽകിയിട്ടുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| 68 | സംഘത്തിൽ മൂലധന ശോഷണം നടന്നിട്ടുണ്ടോ ? | Yes | സംഘത്തിൽ മൂലധന ശോഷണം നടന്നിട്ടുള്ളത് ന്യൂനതയാണ്. |
| | | No | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| 69 | സംഘം/ശാഖ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടോ ? | Yes/No | വിവരദായക ചോദ്യം. (ന്യൂനത ഉണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നില്ല) |
| 69.1 | സർക്കുലർ 62/2020 പ്രകാരമുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടോ ?<br><br>(കമ്പ്യൂട്ടറൈസ് ചെയ്ത സംഘങ്ങൾക്ക് മാത്രം ബാധകം) | Yes | ടി വിഷയത്തിൽ ന്യൂനത ഇല്ല. |
| | | No | സർക്കുലർ 62/2020 പ്രകാരമുള്ള മാനദണ്ഡം പാലിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |
| 70 | അക്കൗണ്ടിംഗ് എൻട്രിയിൽ ഉണ്ടായ തെറ്റുകൾ തിരുത്തിയ രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ ? | Yes | ടി വിഷയത്തിൽ പ്രഥമ ദൃഷ്ട്യാ ന്യൂനത ഇല്ല. |
| | | No | അക്കൗണ്ടിംഗ് എൻട്രിയിൽ ഉണ്ടായ തെറ്റുകൾ തിരുത്തിയ രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തത് ന്യൂനതയാണ്. |

–